DESPATCHED
On..05/03/2020

14.1.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1881*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *11377/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സിദ്ദിഖ് അഹ്സൻ**
**തുഷാര, പൊക്കാളൻ തൊടി**
**കോട്ടക്കുന്ന്, ഫറോക്ക് പി.ഒ**
**കോഴിക്കോട് 673 631**
} **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**കോർപ്പറേഷൻ കാര്യാലയം**
**കോഴിക്കോട്**

2. **അപ്പീൽ അധികാരി**
**(കോർപ്പറേഷൻ എഞ്ചിനീയർ)**
**കോർപ്പറേഷൻ കാര്യലയം**
**കോഴിക്കോട്**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ പകർപ്പുകൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ഹാജരായ എസ്.പി..ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷകൻ വിവരങ്ങൾ ആവശ്യപ്പെട്ട സമയത്ത് അപേക്ഷയ്ക്കാധാരമായ പ്ലാനുകൾ അടങ്ങിയ ഫയൽ വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ടി വകുപ്പിന്റെ കൈവശമായിരുന്നുവെന്നും, ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്ലാനുകളുടെ പകർപ്പ് അനുവദിക്കാൻ നിർവ്വാഹമുണ്ടായില്ലെന്നും, നിലവിൽ ടി ഫയലുകൾ തിരികെ ലഭിക്കുകയും 9.4.219 ന് കക്ഷിയ്ക്ക് മറുപടിയോടൊപ്പം സൗജന്യമായി നൽകിയെന്നു പറഞ്ഞതിൽ മറുപടി കത്ത് അയച്ചതിന്റെ പകർപ്പ് സഹിതം വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഹർജിക്കാരനും കമ്മീഷനിലും നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുകയും 22.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ ആയത് നൽകിയതായി ബോധിപ്പിക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയെന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION



res